## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 21.06.2018 ൽ മറുപടിക്ക്

ചോദ്യം നമ്പർ : T 3813

### ഗെയിൽ പൈപ്പ് ലൈൻ നിർമ്മാണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എ. പി. അനിൽകുമാർ** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഗെയിൽ പൈപ്പ് ലൈൻ നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; ഇനി എത്ര കി.മി. പൈപ്പ് ലൈൻ പണി പൂർത്തിയാക്കുവാനുണ്ട്; | (എ) | കേരളത്തിൽ ഏഴു ജില്ലകളിലായി ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മാംഗ്ലൂർ പൈപ്പ് ലൈനിന്റെ ദൈർഘ്യം 444 കിലോ മീറ്ററാണ്. ഇതിൽ 409 കിലോമീറ്റർ കേരളത്തിലും ബാക്കിയുള്ള 35 കിലോമീറ്റർ കർണ്ണാടകയിലെ ദക്ഷിണ കന്നഡ ജില്ലയിലുമാണ്. 444 കിലോമീറ്ററിലും 6 (1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഉപയോഗാവകാശം ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. മൊത്തം 444 കിലോമീറ്റർ 7 സെക്ഷനുകളായി തിരിച്ചിരിക്കുന്നു. എല്ലാ സെക്ഷനുകളിലും നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.<br>കേരളത്തിലൊട്ടുക്കും ഇതുവരെയായി 353 കിലോമീറ്റർ (79%) പൈപ്പ് ലൈൻ വെൽഡിംഗ് പൂർത്തിയായി ക്കഴിഞ്ഞു. |
| (ബി) | ഈ പദ്ധതിക്കായി സ്ഥലമെടുപ്പ് സംബന്ധിച്ച് നിലവിൽ എന്തെങ്കിലും പ്രശ്നമുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ പ്രശ്നങ്ങൾ ഒന്നുമില്ല. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് ഗെയിൽ വിരുദ്ധ സമരസമിതി ഈ പദ്ധതിയെ എതിർത്തിരുന്നോ; | (സി) | എതിർത്തിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കാലത്ത് രണ്ടായിരം കോടി രൂപ മുടക്കി പ്രകൃതി വാതക ശൃഖല സ്ഥാപിക്കുവാൻ കെ.എസ്. ഐ.ഡി.സി. യും ഗെയിൽ ഗ്യാസ് ലിമിറ്റഡും തമ്മിൽ കരാർ ഒപ്പ് വച്ചിരുന്നോ; | (ഡി) & (ഇ) | ഗെയിൽ ഗ്യാസ് ലിമിറ്റഡും കെ എസ് ഐ ഡി സി യും 25 കോടി രൂപ മുതൽ മുടക്കി സിജിഡി നെറ്റ് വർക്ക് സ്ഥാപിക്കുന്നതിലേക്കായി കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനി രൂപവൽക്കരിച്ചിട്ടുണ്ടായിരുന്നു. ഈ കമ്പനി എറണാകുളം ജില്ലയിൽ പി. എൻ.ജി.ആർ.ബി ക്ഷണിച്ച ടെൻഡറിൽ പങ്കെടുത്തിരുന്നു. എന്നാൽ കരാർ മറ്റൊരു കമ്പനിക്കാണ് കിട്ടിയത്. നിലവിൽ കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് പൈപ്പ് ലൈൻ വിന്യസിക്കാനുള്ള ഒരു കരാറിലും ഏർപ്പെട്ടിട്ടില്ല. |
| (ഇ) | കരാർ പ്രകാരം ഏതൊക്കെ പൈപ്പ് ലൈനുകളുടെ കരാർ ആണ് ഉണ്ടാക്കിയത് എന്ന് അറിയിക്കുമോ ? | | |

Bindu T

**സെക്ഷൻ ഓഫീസർ**